തേക്കടി പ്രദേശത്തെ റേഷൻഷാപ്പ്

1241. [1684] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) പാലക്കാടു ജില്ലയിലെ ചിറ്റൂർ താലൂക്കിൽ മുതലമട പഞ്ചായത്തിൽപ്പെട്ട തേക്കടി പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ഏക റേഷൻഷാപ്പ് ഇപ്പോഴും തുറന്ന് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ തുറന്ന് പ്രവർത്തിക്കാതായിട്ട് എത്ര കാലമായി ;

(സി) അവിടെയുള്ള ഗിരിജനങ്ങൾക്കും മറ്റുകാർഡുടമകൾക്കും ഇപ്പോൾ റേഷൻ വാങ്ങുന്നതിന് മറ്റെന്തെങ്കിലും സംവിധാനമുണ്ടാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എല്ലാ കാർഡുടമകൾക്കും റേഷൻ വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഹെൽപ്പർമാരായി നിയമിക്കപ്പെട്ട ഹരിജനങ്ങൾ

1242. [1685] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനിലേക്ക് ഹെൽപ്പർമാരായി നിയമിക്കുന്നതിന് ഈയിടെ ഹരിജൻ ഉദ്യോഗാർത്ഥികളെ പ്രസ്തുത കോർപ്പറേഷൻ ഇൻറർവ്യൂ നടത്തിയതനുസരിച്ച് എത്രപേരെ നിയമിച്ചു ;

(ബി) ആകെ ഇൻറർവ്യൂവിന് ഹാജരായവർ എത്ര ;

(സി) ഒഴിവുകളുടെ എണ്ണം എത്ര ;

(ഡി) നിയമനം ഇതുവരെ നടത്തിയിട്ടില്ലെങ്കിൽ എന്നത്തേക്ക് ആകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 34 പേരെ തിരഞ്ഞെടുത്തു. 15 പേർക്ക് നിയമന ഉത്തരവ് നൽകി.

(ബി) 335.

(സി) ഇപ്പോൾ ഒഴിവ് ഇല്ല.

(ഡി) ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം നടത്തികൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly